## 09/07/2024 തീയതിയിലെ കൊല്ലം ജില്ലാ റോഡ് സുരക്ഷാ അവലോകന യോഗത്തിൻറെ അജണ്ട .

1. 12/02/2024 തീയതിയിൽ നടത്തിയ യോഗത്തിൻറെ മിനിട്സ് അവലോകനം

2. ഇരവിപുരം റോഡ് മേൽപ്പാല നിർമാണം റെയിൽവേ റെയിൽ ക്രോസ്സ് അടയ്ക്കുന്നതിന് NOC നൽകുന്നത് സംബന്ധിച്ച്

3. മൈലം- പട്ടാഴി PWD റോഡിൽ അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച്

4. പട്ടാഴി -പത്തനാപുരം റൂട്ടിൽ മുഞ്ഞക്കര പാലം പുതുക്കി പണിയുന്നത് സംബന്ധിച്ച്

5. മലയോര ഹൈവേയുടെ ഭാഗമായ അഞ്ചൽ കുളത്തുപ്പുഴ റോഡിൽ ഗർത്തം അടയ്ക്കുന്നത് സംബന്ധിച്ച്

6. നിർമാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന NH66 ൽ (ആറുവരി പാത) ബസുകൾക്കു ബസ് ബേകൾ അനുവദിക്കുന്നത് സംബന്ധിച്ച് .

7. കൊല്ലം ആശ്രാമം വ്യവസായ വകുപ്പ് ഓഫീസിനു സമീപത്തു നിന്ന് ശങ്കേഴ്സ് ആശുപത്രിയിലേക്ക് പോകുന്ന റോഡിൽ അപകടങ്ങൾ കൂടുന്നത് സംബന്ധിച്ച്

8. കുണ്ടറ കണ്ണനല്ലൂർ റോഡിൽ കുരീപ്പള്ളി ജംഗ്ഷനിൽ നടപ്പാതയിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറിനെ സംബന്ധിച്ച്

9. പട്ടത്താനം വിമല ഹൃദയ സ്കൂൾ പരിസരത്തു സ്കൂൾ സമയത്തുള്ള ട്രാഫിക് ഒഴിവാക്കുന്നതിനായി പട്ടത്താനം ദിവ്യ നഗർ റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്

10. ഭരണിക്കാവ് കുണ്ടറ റോഡിൽ മുളവന പുന്നത്തടം പള്ളിക്കു സമീപമുള്ള വളവിൽ വേഗ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതും കുടിവെള്ള പൈപ്പിൻറെ തകരാർ പരിഹരിക്കുന്നതും സംബന്ധിച്ച്

11. മൺറോതുരുത്- ചിറ്റുമല റോഡിൽ തുമ്പുമുഖം കലിങ്കിന്റെ വീതി കൂട്ടുന്നത് സംബന്ധിച്ച്

12. ദേശിയ പാത744-ൽ മുരുഗൻ-പാഞ്ചാൽ പാലത്തിൻറെ അപ്രോച് റോഡ് മെയ്ന്റനൻസ് സംബന്ധിച്ച്

13. കരിക്കോട് ജംഗ്ഷനിൽ പഞ്ചായത്ത് അനുമതി ഇല്ലാതെ അനധികൃതമായി ഓട്ടോ സ്റ്റാൻഡ് പ്രവർത്തിക്കുന്നത് സംബന്ധിച്ച്

14. കരുനാഗപ്പള്ളി -ചെറിയഴീക്കൽ റൂട്ടിൽ കല്ലും മൂട്ടിൽ പാലത്തിലെ കോൺക്രീറ്റ് മേൽപാളി ഇളകി വാർക്ക കമ്പി പുറത്തു വന്നത് സംബന്ധിച്ച് -

15..കരുനാഗപ്പള്ളി ചെറിയഴീക്കൽ വലിയഴീക്കൽ തീരദേശ റൂട്ടിൽ ആലപ്പാട്ട് സെന്ററിൽ അടിക്കടി ഉണ്ടാകുന്ന വാഹന അപകടങ്ങളെ സംബന്ധിച്ച്

16.കുണ്ടറ -ചിറ്റുമല പട്ടംതുരുത് റോഡ് നവീകണം -പരാതി സംബന്ധിച്ച്

17.ചെയർമാൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ

28/9/2m.

സെക്രട്ടറി
ജില്ലാ റോഡ് സുരക്ഷാ കമ്മിറ്റി.
കൊല്ലം .

09/07/2024 തീയതിയിലെ കൊല്ലം ജില്ലാ റോഡ് സുരക്ഷാ കമ്മിറ്റി അവലോകനയോഗത്തിൻറെ മിനിറ്റ്സ്.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1.റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ(എൻഫോഴ്സ്മെൻറ് ) കൊല്ലം
2.മോട്ടോർവെഹിക്കിൾ ഇൻസ്പെക്ടർ (എൻഫോഴ്സ്മെൻറ് )കൊല്ലം
3.SI , കൊല്ലം (Rural)
4.SI , കൊല്ലം (city)
5.അസിസ്റ്റൻറ് ടൗൺപ്ലാനർ , LSGD ,കൊല്ലം
6.ഡെപ്യൂട്ടി തഹസിൽദാർ , കൊട്ടാരക്കര
7.അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,PWD ,റോഡ് ഡിവിഷൻ ,കൊല്ലം
8. പോളയിൽ രവി (അംഗം)
9. സെക്രട്ടറി, കൊട്ടാരക്കര മുനിസിപ്പാലിറ്റി
10. DMO, കൊല്ലം
11.ഡെപ്യൂട്ടി തഹസിൽദാർ ,പുനലൂർ
12.അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,KSTP കൊട്ടാരക്കര
13. ഡെപ്യൂട്ടി ഡയറക്ടർ, LSGD
14. ഡെപ്യൂട്ടി തഹസിൽദാർ,കൊല്ലം
15. ഡെപ്യൂട്ടി തഹസിൽദാർ,കരുനാഗപ്പള്ളി
16. അസിസ്റ്റൻറ് എഞ്ചിനീയർ (KSEB Elecrtical Section)
17. ഡെപ്യൂട്ടി തഹസിൽദാർ കുന്നത്തൂർ
18. RTA CELL DIST.CORDINATOR, KSRTC
19. അസിസ്റ്റൻറ് എഞ്ചിനീയർ, കൊല്ലം ജില്ലാ പഞ്ചായത്ത്
20. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം കോർപറേഷൻ
21. റെവന്യൂ ഓഫീസർ , പുനലൂർ
22. ഡിസ്ട്രിക് സർവ്വേ സൂപ്രണ്ട് , കൊല്ലം
23. അസിസ്റ്റൻറ് ഇൻഫർമേഷൻ ഓഫീസർ, കൊല്ലം

യോഗത്തിൽ പങ്കെടുത്തവരെ ബഹു. ജില്ലാ കളക്ടറും ചെയർമാനുമായ ശ്രീ. ദേവീദാസ്.എൻ സ്വാഗതം ചെയ്തു . ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിക്കണമെന്ന് ചെയർമാൻ അറിയിച്ചു .

1.എംസി റോഡിലെ ബ്ലാക്ക്സ്പോട്ടുകളായ ആയൂർ ജംഗ്ഷനിൻ , പുലമൺ ജംഗ്ഷൻ എന്നിവടങ്ങളിൽ അടിയന്തിരമായി റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ KSTPയ്ക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും NATPACൻറെ റിപ്പോർട്ട് ലഭിക്കാതിരുന്നതിനാൽ നടപടി സ്വീകരിച്ചിരുന്നില്ല. ടി റിപ്പോർട്ട് അടിയന്തിരമായി വാങ്ങി റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടപടി സ്വീകരിക്കാൻ ചെയർമാൻ നിർദ്ദേശിച്ചു.

2.കൊട്ടാരക്കര പുലമൺ ട്രാഫിക് ഐലൻഡിലെ റോഡ് മാർക്കിങ്ങുകൾ തെളിയിച്ചിട്ടുള്ളതായി PWD അധികാരികൾ അറിയിച്ചു

3.പന്മന KMMLനു സമീപം കോലോത്തു ജംഗ്ഷൻ മുതൽ ചുണ്ടു പലക ജംഗ്ഷൻ വരെ ദേശിയ പാത 66 ന് സമാന്തരം ആയിട്ടുള്ള റോഡിൻറെ ശോചനീയ അവസ്ഥ പരിഹരിക്കുന്നതിന് PWD റോഡ് ഡിവിഷന് നിർദ്ദേശം നൽകി. അടുത്ത മീറ്റിംഗിൽ KRFB പ്രതിനിധികളെ ഉൾപെടുത്താൻ ചെയർമാൻ നിർദ്ദേശിച്ചു

4.കുണ്ടറ പേരയം ജംഗ്ഷനിൽ കോളേജിന് സമീപം അപകടകരമായി നിൽക്കുന്ന വൃക്ഷം RDO ഉത്തരവ് നൽകി അടിയന്തരമായി മുറിച്ചു നീക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു .കഴിഞ്ഞ മീറ്റിങ്ങിൽ നൽകിയ നിർദ്ദേശം പാലിച്ചിട്ടില്ല. പഞ്ചായത്തിന്റെ റിപ്പോർട്ട് വാങ്ങി എത്രയും വേഗം മരം മുറിച്ചു നീക്കാൻവേണ്ട നടപടി സ്വീകരിക്കാൻ ചെയർമാൻ നിർദ്ദേശിച്ചു .

5.ആയൂർ ശില്പ ബാറിന് സമീപം ആയൂർ പാലത്തിൽ സിഗ്നൽ ലൈറ്റും മുന്നറിയിപ്പ് ബോർഡും സ്ഥാപിക്കാൻ KSTP ക്ക് നിർദ്ദേശം നൽകി

06.കൊല്ലം ആയൂർ പാതയും അമ്പലം കുന്ന് - കേരളപുരം പാതയും സംഗമിക്കുന്ന അമ്പലംകുന്നു കൈതയിൽ സ്റ്റേഡിയം ജംഗ്ഷനിൽ വാഹന അപകടങ്ങൾ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ആയതിൻറെ റിപ്പോർട്ട് എത്രയും വേഗം നൽകാനും PWD അധികാരികൾക്ക് നിർദ്ദേശം നൽകി.

07.മലയോര ഹൈവേയിൽ കരവാളൂരിനും പിറയ്ക്കലിനും ഇടയിൽ മാമൂട് ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ഇല്ലാത്തതിനാൽ അപകടം ഉണ്ടാകുന്നതു സംബന്ധിച്ച നടപടി സ്വീകരിക്കാൻ PWD റോഡ് ഡിവിഷന് നിർദ്ദേശം നൽകി . സ്വീകരിച്ച നടപടി അടുത്ത മീറ്റിംഗിൽ അറിയിക്കാനും ചെയർമാൻ നിർദ്ദേശിച്ചു.

08.മൈലമൂട് വാർഡിലെ ഓന്ത് പച്ച ആനക്കുളം, റോഡിൽ നിരന്തരം വാഹനാപകടവും മരണവും സംഭവിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കാൻ PWD റോഡ് ഡിവിഷന് ചെയർമാൻ നിർദ്ദേശം നൽകി.KSEB ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാനുള്ള നടപടി എത്രയും വേഗം സ്വീകരിക്കുകയും ആയത് അടുത്ത മീറ്റിങ്ങിൽ അറിയിക്കാനും ചെയർമാൻ അറിയിച്ചു

09.മൈലം- പട്ടാഴി PWD റോഡിൽ അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ KSEB മാറ്റി സ്ഥാപിച്ച റിപ്പോർട്ട് അടുത്ത യോഗത്തിൽ ഹാജരാക്കാൻ ചെയർമാൻ അറിയിച്ചു

10പട്ടാഴി -പത്തനാപുരം റൂട്ടിൽ മുഞ്ഞക്കര പാലം പുതുക്കി പണിയുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് അടുത്ത യോഗത്തിൽ ഹാജരാക്കാൻ ചെയർമാൻ PWD (BRIDGES) അധികാരികൾക്ക് നിർദ്ദേശം നൽകി.

11.നിർമാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന NH66 ൽ (ആറുവരി പാത) ബസുകൾക്കു ബസ് ബേകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് അടുത്തയോഗത്തിൽ ഹാജരാക്കാൻ PWD, NH അധികാരികൾക്ക് നിർദ്ദേശം നൽകി.

12.കൊല്ലം ആശ്രാമം വ്യവസായ വകുപ്പ് ഓഫീസിനു സമീപത്തു നിന്ന് ശങ്കേഴ്സ് ആശുപത്രിയിലേക്ക് പോകുന്ന റോഡിൽ അപകടങ്ങൾ കൂടുന്നതിനാൽ ആ ഭാഗത്തുള്ള അമ്പലം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സംബന്ധിച്ചുള്ള റിപ്പോർട്ട് അടുത്തയോഗത്തിൽ ഹാജരാക്കാൻ PWD അധികാരികൾക്ക് നിർദ്ദേശം നൽകി.

13.കുണ്ടറ-കണ്ണനല്ലൂർ റോഡിൽ കരീപ്പള്ളി ജംഗ്ഷനിൽ നടപ്പാതയിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാനുള്ള നടപടി KSEB എത്രയും വേഗം സ്വീകരിക്കുകയും ആയത് അടുത്ത മീറ്റിങ്ങിൽ അറിയിക്കാനും ചെയർമാൻ അറിയിച്ചു.

14.ഭരണിക്കാവ് കുണ്ടറ റോഡിൽ മുളവന പുന്നത്തടം പള്ളിക്കു സമീപമുള്ള വളവിൽ വേഗ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനും കുടിവെള്ള പൈപ്പിൻറെ തകരാർ പരിഹരിക്കുന്നതിനും NH, WATER AUTHORITY വകുപ്പുകൾക്ക് ചെയർമാൻ നിർദ്ദേശം നൽകി.

15.മൺട്രോതുരുത്- ചിറ്റുമല റോഡിൽ മുമ്പുമുഖം കലിങ്കിന്റെ വീതി കൂട്ടുന്നത് സംബന്ധിച്ച REPORT PWD അധികാരികളോട് KSTPക്ക് അയച്ചു നല്കാൻ ചെയർമാൻ അറിയിച്ചു.

15. ദേശിയ പാത744-ൽ മുരുഗൻ-പാഞ്ചാൽ പാലത്തിൻറെ അപ്രോച് റോഡ് മെയ്ന്റനൻസ് സംബന്ധിച്ച REPORT അടുത്ത മീറ്റിംഗിൽ ഹാജരാക്കാൻ NH അധികാരികളോട് ചെയർമാൻ നിർദ്ദേശിച്ചു .

16. കരിക്കോട് ജംഗ്ഷനിൽ പഞ്ചായത്ത് അനുമതി ഇല്ലാതെ അനധികൃതമായി ഓട്ടോ സ്റ്റാൻഡ് നീക്കം ചെയ്യാൻ കോർപറേഷൻ അധികാരികളോട് ചെയർമാൻ നിർദ്ദേശിച്ചു

17. കരുനാഗപ്പള്ളി -ചെറിയഴീക്കൽ റൂട്ടിൽ കല്ലും മൂട്ടിൽ പാലത്തിലെ കോൺക്രീറ്റ് മേൽപാളി ഇളകി വാർക്ക കമ്പി പുറത്തു വന്നത് സംബന്ധിച്ച PWD(BRIDGES) റിപ്പോർട്ട് നല്കാൻ ചെയർമാൻ അറിയിച്ചു.

19..കരുനാഗപ്പള്ളി ചെറിയഴീക്കൽ വലിയഴീക്കൽ തീരദേശ റൂട്ടിൽ ആലപ്പാട്ട് സെന്ററിൽ അടിക്കടി ഉണ്ടാകുന്ന വാഹന അപകടങ്ങളെ സംബന്ധിച്ച KRFB റിപ്പോർട്ട് നല്കാൻ ചെയർമാൻ അറിയിച്ചു.

18. 20..കുണ്ടറ -ചിറ്റുമല പട്ടംതുരുത് റോഡ് നവീകണം എത്രയും വേഗം പൂർത്തിയാക്കി റിപ്പോർട്ട് അടുത്തയോഗത്തിൽ ഹാജരാക്കാൻ KRFB അധികാരികളോട് ചെയർമാൻ നിർദ്ദേശിച്ചു .

9/7/24

സെക്രട്ടറി
ജില്ലാ റോഡ് സുരക്ഷാ കമ്മിറ്റി,
കൊല്ലം

TRANSPORT OFFICE ENFORCEMENT - KOTTARAKARA
KOLLAM DIST
PIN 691 506